ഇൻഡ്യൻ പ്രധാനമന്ത്രിയുടെ മേഖലാ നിർദ്ദേശം.

* 216. [16] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇൻഡ്യയിലെ വികസനപദ്ധതികൾ തമ്മിൽ ഒരു പരസ്പരബന്ധവും, സംയുക്ത പ്രവർത്തനവും ഉണ്ടാക്കുന്നതിനു് ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽനെഹറു് ന്റെ മേഖലാനിർദ്ദേശം ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഈ വിഷയത്തെപ്പറ്റിയുള്ള ഈ ഗവണ്മെൻറിന്റെ അഭിപ്രായം കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി: (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) അനൗപചാരികമായി അറിയിച്ചിട്ടുണ്ടു്.

ഔദ്യോഗിക ഭാഷാകമ്മീഷൻ

* 217. [22] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക ഭാഷാകമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുള്ള വസ്തുത ഗവണ്മെൻറിനറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷന്റെ മുമ്പാകെ ഗവണ്മെൻറു വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവുണ്ടു്.

(ബി) സമർപ്പിച്ചിട്ടുണ്ടു്.

(സി) ശരിപകർപ്പു് മേശപ്പുറത്തു് വച്ചിട്ടുണ്ടു്.*

കർഷകത്തൊഴിലാളികൾക്കു് പാർപ്പിടസൗകര്യം.

* 218 [23] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർപ്പിടസൗകര്യമില്ലാത്ത കയർപിരി തൊഴിലാളികൾക്കു് പാർപ്പിടസൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതു് സംബന്ധമായി ഗവണ്മെൻറു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) തിരുവനന്തപുരം താലൂക്കിലെ കയർപിരിവ്യവസായ കേന്ദ്രങ്ങളായ കഠിനംകുളം, മേനംകുളം, അണ്ടൂർക്കോണം, വെയ്ലൂർ എന്നീ പ്രകൃതികളിലെ ഗവണ്മെൻറു വക തരിശു സ്ഥലം കയർതൊഴിലാളികൾക്കു് പാർപ്പിടസൗകര്യത്തിനായി നൽകുവാൻ ഗവണ്മെൻറു നടപടികൾ സ്വീകരിക്കുമോ?

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly